**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5127** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറി ബൈ ട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിൽ നിന്ന് ഹയർ സെക്കൻഡറി വിഭാഗത്തിലേക്ക് സമയബന്ധിതമായി ബൈ ട്രാൻസ്ഫർ നിയമനം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2001-ലെ കേരള ഹയർസെക്കന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികകളുടെ 25% യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് ബൈട്രാൻസ്ഫർ വഴിയും (അവരുടെ അഭാവത്തിൽ യോഗ്യരായ യു.പി.എസ്.എ/എൽ.പി.എസ്.എ-മാരിൽ നിന്നും), 75% പി.എസ്.സി മുഖാന്തിരം ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയുമാണ് നികത്തേണ്ടത്. മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റ് വിഭാഗത്തിനുള്ള 25% ക്വാട്ട 01/12/2015-ലെ സ.ഉ.(കൈ) 296/2015/ പൊ.വി.വ., 26/08/2016-ലെ സ.ഉ.(പി) 144/2016/ പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ഹയർസെക്കന്ററി വിഭാഗത്തിലെ ലബോറട്ടറി അസിസ്റ്റന്റ് എന്നിവർക്കായി 70:20:5:5 എന്ന അനുപാതത്തിൽ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള പി.എസ്.സി. വഴി ബൈ ട്രാൻസ്ഫർ നിയമനങ്ങൾ നടത്തുവാൻ താമസമുണ്ടാകുമെന്ന കാരണത്താൽ 01/01/2016 മുതൽ 28/12/2020 വരെയുള്ള എച്ച്.എസ്.എസ്.റ്റി (ജൂനിയർ) വിഭാഗത്തിലെ ബൈ ട്രാൻസ്ഫർ ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തുവാൻ 30/01/2021-ലെ ജി.ഒ (പി) 2/2021/പൊവി.വ. പ്രകാരം സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലെ 01/01/2016 മുതൽ 28/12/2020 വരെയുള്ള വിവിധ വിഷയങ്ങളിലെ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഒഴിവുകൾ 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ., യു.പി.എസ്.എ / എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | നികത്തികൊണ്ട് 11/08/2022 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ റൂളിന് വിരുദ്ധമായി എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 70:20:5:5 എന്ന അനുപാതത്തിൽ ബൈട്രാൻസ്ഫർ പ്രമോഷൻ 11/08/2022 ൽ നടത്തിയത് ട്രിബ്യൂണൽ വിധിക്ക് വിധേയമായിരിക്കുമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം. 1170/2022, ഒ.എ നം. 1502/2022 കളിലെ 06/12/2022 ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒ.എ നം. 1502/2022 ഇപ്പോഴും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. എച്ച്.എസ്.എ വിഭാഗത്തിലെ ബൈട്രാൻസ്ഫർ എൻ.ജെ.ഡി ഒഴിവുകൾ എച്ച്.എസ്.എ യുടെ ബൈട്രാൻസ്ഫർ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്നും 22/02/2023 തീയതിയിൽ നികത്തിയിട്ടുണ്ട്. എച്ച്.എസ്.എ-യിൽ യോഗ്യരായവർ ഇല്ലാത്തതിനാൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ് വിഭാഗത്തിലെ എൻ.ജെ.ഡി ഒഴിവുകൾ 12/01/2023 ലെ ഒ.എ നം. 1502/2022 ലെ ഇടക്കാല ഉത്തരവ് പ്രകാരം യു.പി.എസ്.എ,/ എൽ.പി.എസ്.എ-മാരിൽ നിന്നും ബൈ ട്രാൻസ്ഫർ വഴി 08/02/2023 ൽ നികത്തിയിട്ടുമുണ്ട്. |
| (ബി) | 2016 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ ഹയർ സെക്കൻഡറി ബൈ ട്രാൻസ്ഫർ നിയമനത്തിന് കെമിസ്ട്രി വിഷയത്തിൽ എത്ര ഒഴിവുകൾ നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2016 ജനുവരി മുതൽ 2022 ഡിസംബർ 31 വരെ 65 ഒഴിവുകൾ തസ്തികമാറ്റ നിയമനങ്ങളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ) കെമിസ്ട്രി വിഷയത്തിലുണ്ട്. ഭാവിയിലെ എച്ച്.എസ്. എസ്.റ്റി (ജൂനിയർ) കെമിസ്ട്രി ഒഴിവുകൾ പി.എസ്.സി മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് മാറ്റി വയ്ക്കണമെന്ന വ്യവസ്ഥയിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നേരിട്ടുള്ള നിയമനം വഴി നടത്തുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 17/09/2022-ലെ പൊ.വി.വ ജെ4/196/2022/ പൊ.വി.വ നമ്പർ കത്തിൽ സർക്കാർ നിർദ്ദേശിക്കുകയും അതനുസരിച്ച് 17/09/2022-ൽ 50 എച്ച്.എസ്.എസ്.ടി (ജൂനിയർ) കെമിസ്ട്രി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ബൈ ട്രാൻസ്ഫർ നിയമനത്തിന്റെ ഒഴിവ് പി.എസ്.സി-ക്ക് നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത നടപടി ലബോറട്ടറി അസിസ്റ്റന്റ് ശ്രീമതി നിമ്മിദാസ്.പി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) No. 1473/2022 ഫയൽ ചെയ്തുകൊണ്ട് ചലഞ്ച് ചെയ്യുകയും 07/10/2022-ലെ ഇടക്കാല വിധിയിൽ ഈ നടപടി ബഹു. ട്രിബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2022 ൽ തയാറാക്കിയ ലിസ്റ്റിൽ നിന്ന് എത്ര ഹൈസ്കൂൾ, പ്രൈമറി അദ്ധ്യാപകർക്ക് കെമിസ്ട്രി വിഷയത്തിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയെന്ന് വിശദമാക്കാമോ; ശേഷിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ; കെമിസ്ട്രി വിഷയത്തിൽ ശേഷിക്കുന്ന ഒഴിവുകളിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ; | (സി) | 10/08/2022-ൽ തയ്യാറാക്കിയ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പത്ത് ഹൈസ്കൂൾ അദ്ധ്യാപകർക്കും മൂന്ന് പ്രൈമറി അദ്ധ്യാപകർക്കും ബൈട്രാൻസ്ഫർ നിയമനം നൽകിയിരുന്നു. ഇതുകൂടാതെ ഒരു മിനിസ്റ്റീരിയൽ ജീവനക്കാരനും ഒരു ലാബ് അസിസ്റ്റന്റിനും എച്ച്.എസ്.എസ്.ടി (ജൂനിയർ) കെമിസ്ട്രിയിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത 50 ഒഴിവുകൾ എച്ച്.എസ്.എസ്.ടി(ജൂനിയർ) കെമിസ്ട്രി ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ OA (EKM) No. 1473/2022-ലെ അന്തിമവിധി വന്നാൽ മാത്രമേ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തണമോ, ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ നിന്നും നികത്തണമോ എന്നതിൽ വ്യക്തത വരികയുള്ളൂ. |
| (ഡി) | 2022 ൽ തയാറാക്കിയ ലിസ്റ്റിൽ ശേഷിക്കുന്നവരിൽ നിന്നും കെമിസ്ട്രി വിഷയത്തിലെ ഒഴിവുകളിലേക്ക് അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിലെങ്കിലും നിയമനം നടത്താൻ സാധിക്കുമോ; സ്ഥിരം അദ്ധ്യാപകർ ഇല്ലായെന്ന പരാതി പരിഹരിക്കാൻ ഇത്തരത്തിൽ അർഹരായവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 10/08/2022-ൽ തയ്യാറാക്കിയ ഫൈനൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പത്ത് ഹൈസ്കൂൾ അദ്ധ്യാപകർക്കും മൂന്ന് പ്രൈമറി അദ്ധ്യാപകർക്കും ബൈട്രാൻസ്ഫർ നിയമനം നൽകിയിരുന്നു. ഇതുകൂടാതെ ഒരു മിനിസ്റ്റീരിയൽ ജീവനക്കാരനും ഒരു ലാബ് അസിസ്റ്റന്റിനും എച്ച്.എസ്.എസ്.ടി (ജൂനിയർ) കെമിസ്ട്രിയിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത 50 ഒഴിവുകൾ എച്ച്.എസ്.എസ്.ടി(ജൂനിയർ) കെമിസ്ട്രി ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ OA (EKM) No. 1473/2022-ലെ അന്തിമവിധി വന്നാൽ മാത്രമേ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തണമോ, ബൈ ട്രാൻസ്ഫർ വിഭാഗത്തിൽ നിന്നും നികത്തണമോ എന്നതിൽ വ്യക്തത വരികയുള്ളൂ. |

സെക്ഷൻ ഓഫീസർ